## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 374

2019 ജനുവരി 29 -ലെ മറുപടിക്ക്

### ധനകാര്യ പരിശോധനയിന്മേലുള്ള തുടർനടപടി

| ചോദ്യം<br><br>ശ്രീ.കെ.എൻ.എ ഖാദർ | ഉത്തരം<br>ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) ധനകാര്യ പരിശോധനാ വിഭാഗം മറ്റ് വകുപ്പുകളിൻ കീഴിലുള്ള ഓഫീസുകളിൽ പരിശോധന നടത്തി തെളിവുസഹിതം കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് മേൽനടപടി ശിപാർശ ചെയ്ത് അയക്കുന്ന റിപ്പോർട്ടുകളിന്മേൽ അതതു വകുപ്പുകൾ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ; | ധനകാര്യ പരിശോധനാ വിഭാഗം നടത്തുന്ന പരിശോധനകളിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് മേൽനടപടി ശിപാർശ ചെയ്തുകൊണ്ട് ഭരണവകുപ്പുകൾക്ക് നൽകുന്ന പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ.ഉ (പി) നം. 506/92/ധന. തീയതി 20.08.1992, സ.ഉ (പി) നം.2981/98/ധന തീയതി 25.11.1998, സർക്കുലർ നം.56/FIW-ജി1/08/ധന തീയതി 30.08.2008 എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നൽകിവരുന്നുണ്ട്. |
| (ബി) മറ്റ് വകുപ്പുകൾ തുടർനടപടി സ്വീകരിക്കാൻ കാലതാമസമുണ്ടാക്കിയാൽ ഇതിന് പരിഹാരമായി എന്ത് സംവിധാനമാണ് നിലവിലുള്ളത്; | 31-7-18 ൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നമ്പർ 71/2018 പ്രകാരം ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളിന്മേൽ നടപടി എടുക്കുന്നതിൽ മനഃപൂർവ്വം കാലവിളംബം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരേ അച്ചടക്ക നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നുണ്ട്. |
| (സി) കഴിഞ്ഞ വർഷം ഇത്തരത്തിൽ എത്ര റിപ്പോർട്ടുകൾ തുടർനടപടി ശിപാർശ ചെയ്ത് വകുപ്പുകളിലേക്ക് അയച്ചിട്ടുണ്ടെന്നും അവയിൽ നടപടി സ്വീകരിച്ചതായി റിപ്പോർട്ട് ലഭിച്ചവ എത്രയെന്നും അറിയിക്കുമോ? | 2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ 236. പരിശോധനാ റിപ്പോർട്ടുകൾ തുടർനടപടി ശിപാർശ ചെയ്ത് ഭരണ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. അവയിൽ 43 എണ്ണത്തിൽ നടപടി സ്വീകരിച്ചതായി ബന്ധപ്പെട്ട ഭരണവകുപ്പുകൾ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ